No. 251/2015/H&FWD dated, 11-11-2015 പ്രകാരം കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് നീക്കം ചെയ്യുവാനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണപരമായി അംഗീകാരം നൽകുകയും ചെയ്തു. ഇതിൻപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തത്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ ഒരു യോഗം 2-12-2015-ൽ ചേരുന്നതാണ്.

പുതിയ മെഡിക്കൽ കോളേജുകൾ

16 (705) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പാലോട് രവി :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തത്;

(ബി) ഏതെല്ലാം മേഖലകളിലാണ് മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത്, വിശദീകരിക്കുമോ;

(സി) ഓരോ മെഡിക്കൽ കോളേജും സംബന്ധിച്ച നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് വിപുലമായ പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ മേഖലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന 5 മെഡിക്കൽ കോളേജുകളെ കൂടാതെ മഞ്ചേരിയിലും ഇടുക്കിയിലും പുതിയ രണ്ട് മെഡിക്കൽ കോളേജുകൾ സ്ഥാപിച്ച് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോന്നിയിലും തിരുവനന്തപുരത്തും ആരംഭിക്കാനുദ്ദേശിക്കുന്ന പുതിയ രണ്ട് മെഡിക്കൽ കോളജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. തിരുവനന്തപുരത്ത് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിനാവശ്യമായ മൂന്നു നിലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം ജനറൽ ആശുപത്രി കാമ്പസിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത രണ്ട് കോളേജുകളിലും അടുത്ത അധ്യയന വർഷം തന്നെ ക്ലാസുകൾ തുടങ്ങുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ടി കോളേജുകളിൽ പ്രാരംഭഘട്ടത്തിൽ ആവശ്യമായ തസ്തികകളും സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിവരുന്നു. നാലുനിലകളിലായുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണവും ദ്രുതഗതിയിലാണ്.

മഞ്ചേരി ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇവിടെ 100 എം.ബി.ബി.എസ്. സീറ്റുകളിലേക്ക് പ്രവേശനം നടത്തി ക്ലാസുകൾ നടന്നുവരുന്നു. പ്രീക്ലിനിക്, പാരാക്ലിനിക് വിഭാഗങ്ങളുടെ പ്രവർത്തനം പൂർണ്ണ തോതിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായുള്ള തസ്തികകൾ സൃഷ്ടിക്കുന്ന നടപടിയും നടന്നുവരുന്നു. ഇടുക്കി (ചെറുതോണി) ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് താത്കാലിക കാമ്പസിൽ 50 എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ കോളേജ് കെട്ടിടം പണിയുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പ്രസ്തുത കോളേജിന് പ്രാരംഭഘട്ടത്തിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ 50 ഏക്കർ ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ നടന്നുവരുന്നു. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു. ടി കോളേജിലും അടുത്ത അധ്യയന വർഷം തന്നെ കോഴ്സ് തുടങ്ങുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജ് എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

1352/2017

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലും ബാക്കിയുള്ളവയെല്ലാം പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലും തുടങ്ങാനാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ചോദ്യം (എ) യുടെ ഉത്തരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകൾ

17 (706) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് എന്നും അവയിൽ എത്രയെണ്ണം പ്രവർത്തനം തുടങ്ങിയെന്നും അറിയിക്കുമോ;

(ബി) പ്രവർത്തനം ആരംഭിക്കാത്തവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ഡിസ്ട്രിക്ട് ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജുകളാക്കണമെന്ന കേന്ദ്ര സർക്കാർ നിയമനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം ഡിസ്ട്രിക്ട് ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. അടുത്ത അധ്യയന വർഷംതന്നെ ഈ രണ്ടു കോളേജുകളിലും എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുവാനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം കിട്ടിയാലുടൻ പ്രവർത്തനമാരംഭി ക്കുവാൻ കഴിയും. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly